പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 142 — 13.06.2014 ൽ മറുപടിയ്ക്ക്

## പഞ്ചായത്തുകളിലെ ജാഗ്രതാ സമിതികൾ

**ചോദ്യം**
ശ്രീ. വി. ശശി
ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി. ഇ.എസ്. ബിജിമോൾ
ശ്രീ. കെ. അജിത്.

**ഉത്തരം**
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) എല്ലാ പഞ്ചായത്തുകളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; ഇതിൽ പ്രവർത്തനക്ഷമമായ എത്ര ജാഗ്രതാ സമിതികളുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | എ) എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജാഗ്രതാ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. |
| ബി) പ്രസ്തുത ജാഗ്രതാ സമിതിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ബി) ജാഗ്രതാ സമിതിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.<br>1. സ്ത്രീകളും പെൺകുട്ടികളും കക്ഷികളായിട്ടുള്ള പരാതികൾ സ്വീകരിക്കുക, പരിഹരിക്കുക.<br>2. സ്വയം പ്രശ്നങ്ങൾ ഏറ്റെടുത്ത് / കണ്ടെത്തി പരിഹരിക്കാനായി ഇടപെടുക.<br>3. സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെ അതിക്രമങ്ങൾ ഉണ്ടാകാത്ത അവസ്ഥ സംജാതമാക്കാൻ പ്രയത്നിക്കുക.<br>4. സ്ത്രീകളുടെയും പെൺകുട്ടികളുടെയും പ്രശ്നങ്ങൾ പരിഹരിക്കാനായി ത്രിതല പഞ്ചായത്ത് സംവിധാനങ്ങളെ സഹായിക്കുക.<br>5. ആവശ്യമായ നിയമസഹായവും ഉപദേശവും പ്രചരണവും നൽകുക. |

| | |
|---|---|
| സി) പ്രവർത്തനരഹിതമായ ജാഗ്രതാ സമിതികൾ പുന:സംഘടിപ്പിക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | സി) എല്ലാ ഗ്രാമ പഞ്ചായത്തുകളിലും എല്ലാ മാസവും ജാഗ്രതാ സമിതികൾ കൂടുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന ഗ്രാമ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ചുള്ള വിവരം സെക്രട്ടറിമാരുടെ പ്രതിമാസ അവലോകന യോഗത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ വിലയിരുത്തുകയും ആയത് പ്രതിമാസ കോൺഫറൻസുകളിൽ അവലോകനം നടത്തി വരുകയും ചെയ്യുന്നുണ്ട്. ജാഗ്രതാ സമിതികൾ പുന:സംഘടിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി. നിലവിലുണ്ടായിരുന്ന മാർഗരേഖയിൽ മാറ്റങ്ങൾ വരുത്തുന്നതിനും മാറ്റങ്ങൾ വരുത്തിയ ജാഗ്രതാ സമിതിയുടെ ഘടന, ചുമതലകൾ, കടമകൾ എന്നിവയെക്കുറിച്ച് അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനുമായി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ഡി) ജാഗ്രതാ സമിതികളെ സഹായിക്കുന്നതിനുള്ള വാർഡുതല സമിതികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ വാർഡുതല സമിതികളെ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | ഡി) ജാഗ്രതാ സമിതികളെ സഹായിക്കുന്നതിനുള്ള വാർഡ്തല സമിതികൾ 746 ഗ്രാമ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നുണ്ട്. മറ്റുള്ളവയെ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ